SDOF SUNDAY

Vol. 01 No. 11 THE ONLINE OFFICIAL NEWS BULLETIN OF SDOF 2026 August 02

തൂമ്പാക്കുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ പ്രവർത്തനോദ്ഘാടനം കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ ഏബ്രഹാം നിർവ്വഹിക്കുന്നു.

SDOF യൂണിറ്റുകൾ സഭയുടെ കരുതലിന്റെയും സേവനത്തിന്റെയും മുഖമാകണം

തുമ്പക്കുളം: വിശ്വാസത്തിലും സഹോദരസ്നേഹത്തിലും സാമൂഹിക പ്രതിബദ്ധതയിലും അധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ ഓരോ SDOF യൂണിറ്റും സഭയുടെയും സമൂഹത്തിന്റെയും കരുതലിന്റെ മുഖമായി മാറണമെന്ന് സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം പറഞ്ഞു. തൂമ്പാക്കുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ SDOF യൂണിറ്റ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജീവിതത്തിന്റെ മധ്യഘട്ടത്തിലെത്തിയവർക്ക് പരസ്പര സൗഹൃദത്തിനും ആത്മീയ വളർച്ചയ്ക്കും സേവനപ്രവർത്തനങ്ങൾക്കും ഒരുമിച്ചുനിൽക്കാനുള്ള വേദിയാണ് SDOF. അംഗങ്ങളുടെ അനുഭവസമ്പത്തും കഴിവുകളും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്താൻ ഓരോ യൂണിറ്റിനും കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

ഇടവക വികാരി ഫാ. ജിബിൻ ജെയിംസ് അദ്ധ്യക്ഷത വഹിച്ചു. ഇടവക സെക്രട്ടറി ബിനു മാത്യു പാങ്ങാട്ട്, തുമ്പമൺ യൂണിറ്റ് സെക്രട്ടറി ജിജി ഇടിക്കുള, ഇടവക യൂണിറ്റ് ഭാരവാഹികളായ തോമസ് എബനേസർ, ബ്രിജിത്ത് വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.

മദ്രാസ് ഭദ്രാസന സെക്രട്ടറി ഫാ. തോമസ് ഐസക്, ഫാ. റോയ് ജേക്കബ്, SDOF ഭാരവാഹികൾ എന്നിവരുടെ സാന്നിധ്യത്തിൽ, മദ്രാസ് ഭദ്രാസനത്തിലെ ചേട്ടുപട്ട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് SDOF Sunday ബുള്ളറ്റിന്റെ 9-ാം പതിപ്പ് കേന്ദ്ര സെക്രട്ടറി അനു ജോയ് ഓൺലൈനായി പ്രസിദ്ധീകരിച്ചു.

എസ്.ഡി.ഒ.എഫ്. ഇടുക്കി ഭദ്രാസന പ്രഥമ വാർഷിക സമ്മേളനം ഓഗസ്റ്റ് 22-ന് ചക്കുപള്ളത്ത്

ചക്കുപള്ളം: സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് (SDOF) ഇടുക്കി ഭദ്രാസന പ്രഥമ വാർഷിക സമ്മേളനം 2026 ഓഗസ്റ്റ് 22 ശനിയാഴ്ച രാവിലെ 9.30 മുതൽ ചക്കുപള്ളം ഗത്സീമോൻ അരമനയിൽ വച്ച് നടക്കും.

ഇടുക്കി ഭദ്രാസനാധിപൻ അഭിവന്ദ്യ സക്കറിയ മാർ സേവേറിയോസിന്റെ അധ്യക്ഷതയിൽ നടക്കുന്ന സമ്മേളനം അഡ്വ. സിറിയക് തോമസ് എം.എൽ.എ. ഉദ്ഘാടനം ചെയ്യും. എല്ലാ ഭവനങ്ങളിലും ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉയർന്ന വിളവ് നൽകുന്ന പച്ചക്കറി തൈകളുടെ വിതരണോദ്ഘാടനവും എം.എൽ.എ. നിർവ്വഹിക്കും.

രാവിലെ 10.15-ന് മെർലിൻ ടി. മാത്യു (പുത്തൻകാവ്) നയിക്കുന്ന പഠന ക്ലാസ്, തുടർന്ന് 11.30-ന് ആരംഭിക്കുന്ന വാർഷിക സമ്മേളനത്തിൽ എസ്.ഡി.ഒ.എഫ്. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജേക്കബ് മാർക്കോസ് സ്വാഗതം ആശംസിക്കും.

സമ്മേളനത്തിൽ എസ്.ഡി.ഒ.എഫ്. കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ബിജു ടി. മാത്യു, ഭദ്രാസന സെക്രട്ടറി ഫാ. ബിജു ആൻഡ്രൂസ്, അരമന മാനേജർ. ഫാ. ജോർജ് വർഗീസ്, കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. എബ്രഹാം, ട്രഷറർ അഡ്വ. ഉമ്മൻ ജോൺ, SDOF സൺഡേ ചീഫ് എഡിറ്റർ രാജ് ഫിലിപ്പ്, കേന്ദ്ര റീജിയണൽ സെക്രട്ടറി ബോബിൻ മർക്കോസ്, കേന്ദ്ര കമ്മിറ്റി അംഗം ബിൻസി ജെയിംസ് എന്നിവർ പ്രസംഗിക്കും.

ഭദ്രാസന സെക്രട്ടറി ജയൻ കുരുവിള വട്ടമല നന്ദി രേഖപ്പെടുത്തും. ഉച്ചയ്ക്ക് 12.45-ന് സ്നേഹവിരുന്നോടെ സമ്മേളനം സമാപിക്കും. പങ്കെടുക്കുന്ന എല്ലാ പ്രതിനിധികൾക്കും പച്ചക്കറി തൈകൾ സമ്മാനമായി നൽകുമെന്ന് സംഘാടകർ അറിയിച്ചു.

കരിയർ ഗൈഡൻസ് പ്രോഗ്രാം

താംബരം: സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് താംബരം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 26, ഞായറാഴ്ച വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വേണ്ടി കരിയർ ഗൈഡൻസ് പ്രോഗ്രാം നടത്തി.

ഡോ. അലക്സ് ജോസഫ് (മെഡിക്കൽ മേഖല), സിബി ജോർജ് (എൻ.ജി.ഒ. & സോഷ്യൽ സെക്ടർ), സക്കറിയ പി. ജേക്കബ് (ട്രാവൽ ആന്റ് ടൂറിസം), സനു തോമസ് (ഐ.ടി. മേഖല) എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

SDOF SUNDAY

Vol. 01, No. 11, 2026 August 02

Editorial Board

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oomm en John

Publisher
Fr. V G Koshy Vaidyan

Chief Editor
Raj Philip

Editorial Board Members

Prinu T Mathews
Santhosh Daniel

Published by Fr. V G Koshy Vaidyan on behalf of St. Dionysius Orthodox Fellowship for the glory of God and for the benefit of humankind.

Typesetting & Design
Joice Thottackad
Sophia Print House, Kottayam
Mob: 7012270083

For Private Circulation only

Send your articles and news to the following

E-mail
sdofsunday@gmail.com
or
Whatsapp No.
7012270083

സങ്കീർത്തന ധ്യാനം

ഫാ. ബിജു റ്റി. മാത്യു പുത്തൻകാവ്

3-ാം സങ്കീർത്തനം

അവ്യക്തലോകത്തിലെ പൂർണ്ണതയില്ലാത്ത മനുഷ്യന്റെ സഹനം

ഭക്തിയും വിശുദ്ധിയും, ആരാധനയുടെ പശ്ചാത്തലത്തിൽ സമ്പുഷ്ടവും അനുപവുമായ അനുഭവമായി നിലനിർത്തുവാൻ, ഇസ്രായേല്യർ കണ്ടെത്തിയ ഭക്ത ഗീതാഞ്ജലിയാണ് സങ്കീർത്തനങ്ങൾ. ഇതിൽ ഏറിയവയും മനുഷ്യാത്മാവ് ദൈവത്തോട് സംഭാഷിച്ച് ജീവിതത്തിന്റെ നിരാശയും സങ്കടവും വേദനയും ഒറ്റപ്പെടലും ദൈവസന്നിധിയിൽ പകരപ്പെട്ട് ദൈവാശ്രിതത്വബോധം കൈവരിക്കുകയാണ്.

വ്യക്തിഗത വിലാപ സങ്കീർത്തനം, പ്രഭാത കീർത്തനം എന്നീ പേരുകളിൽ അറിയപ്പെടുന്ന ദാവീദിന്റെ ഒരു കീർത്തനമാണ് 3-ാം സങ്കീർത്തനം.

നമ്മുടെ ജീവിതത്തിലെ പ്രാതികൂല്യങ്ങളുടെ കാലഘട്ടങ്ങളിൽ, ഇനിയും മുമ്പോട്ടു പോകാൻ കഴിയില്ല, തികച്ചും അരക്ഷിതാവസ്ഥയും അനിശ്ചിതാവസ്ഥയും; ഈ പശ്ചാത്തലത്തിൽ കരുത്ത് പകരുന്ന, കനിവിന്റെ ദൂത് തരുന്ന ഒന്നാണിത്.

സങ്കീർത്തന സംഗ്രഹം:

സങ്കീർത്തനം 3:1-3 നിസ്സഹായവസ്ഥയിലെ ദൈവസ്വഭാവത്തിന്റെ സ്വകാര്യ നിഷേധം.
സങ്കീർത്തനം 3:4-6 തീവ്രമായ പ്രർത്ഥനയിൽ ദൈവീക ഇടപെടൽ.
സങ്കീർത്തനം 3:7-8 വ്യക്തിഗത അർത്ഥനയിലെ രക്ഷയുടെ അനുഭവം.

1. അകമെയുള്ള പോരാട്ടവും ദൈവീക സംരക്ഷണത്തിന്റെ പരിചയും

3-ാം സങ്കീർത്തനത്തിന്റെ ശീർഷകത്തിൽ ഇങ്ങനെ വായിക്കുന്നു. ദാവീദ് തന്റെ മകനായ അബ്ശാലോമിന്റെ മുമ്പിൽ നിന്ന് ഓടിപ്പോയപ്പോൾ പാടിയ ഒരു സങ്കീർത്തനം . ചരിത്രപശ്ചാത്തലം 2 ശമുവേൽ 15 മുതൽ 18 വരെയുള്ള അദ്ധ്യായങ്ങളിൽ കാണാം. ദാവീദിന്റെ പുത്രനും ശത്രുവും അക്രമിയും അധർമ്മിയുമായിരുന്ന അബ്ശാലോം, യിസ്രായേൽ ജനതയെ വശീകരിച്ചു തന്റെ സ്വാധീന വലയത്തിനുള്ളിലാക്കി. ഒരു കാലത്ത് ദൈവം, ദാവീദിനെ തെരഞ്ഞെടുത്തു എന്നു പറഞ്ഞിരുന്ന യിസ്രായേലിലും യഹൂദ്യയിലുമുള്ള ജനങ്ങൾ ഇപ്പോൾ ദൈവത്തിങ്കൽപോലും രക്ഷയില്ല എന്ന് പറയുകയാണ്. പിതാവിനെ വധിച്ച് രാജഭരണം പോലും കൈക്കലാക്കുവാൻ മകൻ ആഗ്രഹിക്കുമ്പോൾ, ദാവീദ് പ്രാണരക്ഷാർത്ഥം തന്റെ സഹായികളുമായി ഓടിപ്പോയി. ദാവീദ് തലമൂടിയും ചെരിപ്പിടാതെയും നടന്നും കരഞ്ഞുംകൊണ്ട് ഒലിവുമലയുടെ കയറ്റം കയറി. ക്ലേശകരവും ആപൽക്കരവുമായ മഹാനയീമിലേക്കുള്ള യാത്രയിൽ, ജനങ്ങളും ആവലാതി പൂണ്ട് ആത്മഭാരത്തോടെ കഴിയുന്ന സാഹചര്യത്തിൽ ദാവീദ് പറയുന്നു. സങ്കീ. 3:3 നീയോ യഹോവേ, എനിക്ക് ചുറ്റും പരിചയും എന്റെ മഹത്വവും എന്റെ തല ഉയർത്തുന്നവനും ആകുന്നു. യെശയ്യാവ് 26:3 സ്ഥിരമാനസൻ നിന്നിൽ ആശ്രയം വച്ചിരക്കകൊണ്ട് നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു.

മഹാജീവിതം അപമാനത്തിന്റെയും പരിഹാസ്യത്തിന്റെയും നടുക്കടലിൽ ആണ്ടുപോയി,. കൊടുങ്കാറ്റുകൾ വീണ്ടും ആഞ്ഞടിച്ച്, പുത്രദുഃഖത്തിന്റേയും ഭീക്ഷണിയുടേയും തിരമാലകളിൽ, നടുക്കവും സംഭ്രമവും നേരിട്ടുകൊണ്ട് തകർന്നുപോയ സാഹചര്യത്തിൽ, ദാവീദ് വിശ്വാസത്തോടെയും പ്രത്യാശയോടും സഹിഷ്ണതയോടും പാടി പറയുന്നു (സങ്കീ. 3:5). യഹോവ എന്നെ താങ്ങുകയാൽ ഞാൻ ഉണർന്നുമിരിക്കുന്നു. എനിക്കു വിരോധമായി ചുറ്റും പാളയമിറങ്ങിയിരിക്കുന്ന ആയിരം ആയിരം ജനങ്ങളെ ഞാൻ ഭയപ്പെടുകയില്ല. ആയതിനാൽ അപൂർണ്ണവും അവ്യക്തവുമായ ഈ ലോകത്തിൽ പൂർണതയില്ലാത്ത മനുഷ്യൻ, നൈമിഷികവും ക്ഷണികവുമായ പ്രതിസന്ധികളെ തരണം ചെയ്യേണ്ടിവരുമ്പോൾ, തീ പെയ്യുന്ന ജീവിതത്തിന്റെ ദിനരാത്രങ്ങളിൽ, വിശ്വാസത്തിൽ അണുവിട ചലിക്കാതെ, ഭക്തി മാർഗ്ഗത്തിലൂടെ ഉച്ചത്തിൽ നിലവിളിച്ച് പ്രാർത്ഥിച്ച് സാക്ഷ്യത്തോടെ പറയണം. മുറിവേറ്റവർക്കു മാത്രമേ അനുഗ്രഹിക്കപ്പെടുവാൻ കഴിയുകയുള്ളൂ എന്ന്.

2. സങ്കീർത്തനം 3:8 രക്ഷ യഹോവയ്ക്കുള്ളതാകുന്നു. രക്ഷ കർത്താവിന്റെ ദാനവും അനുഗ്രഹവും.

3-ാം സങ്കീർത്തനത്തിന് ചരിത്രപരവും ക്രിസ്തു കേന്ദ്രീകൃതവുമായ അർത്ഥമുണ്ട്. ദാവീദ് അബ്ശാലോമിൽ നിന്ന് ഓടിപ്പോകുമ്പോൾ രചിച്ച വിലാപവും പ്രത്യാശയും നിറഞ്ഞ പ്രാർത്ഥനയായി 2 ശമുവേൽ 15 മുതൽ 18 വരെ കാണാം. ദാവീദ് ക്രിസ്തുവിന്റെ ഒരു മുൻ നിഴൽ (Type of Christ) ആണെന്ന് സഭാ പിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്, മാത്രമല്ല രക്ഷ കർത്താവിന്റെതാണെന്ന് പറയപ്പെടുമ്പോൾ, മനുഷ്യബലം കൊണ്ടോ, അധികാരം കൊണ്ടോ, ജ്ഞാനം കൊണ്ടോ അല്ല ദൈവകൃപയാൽ ദൈവത്തിന്റെ അധികാരത്തിലുള്ള ദാനമാണ് രക്ഷ എന്നും ക്രിസ്തുവിലാണ് ഈ രക്ഷ പൂർണ്ണമായി വെളിപ്പെട്ടതെന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

വി. അത്താനാസിയോസ്: “Letter to Marcellinus” 3-ാം സങ്കീർത്തനത്തെ “Psalm of Christ in His Passion” എന്നു വിളിച്ച് ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റേയും ഉയർപ്പിന്റേയും മുൻനിഴലായി വ്യാഖ്യാനിക്കപ്പെടുന്നുണ്ട്.

വിശുദ്ധ ജറുശലേമിലെ സിറിൽ: “Out side the Church there is no Salvation” എന്ന് ശക്തമായി പഠിപ്പിക്കുന്നുണ്ട്.

ആയതിനാൽ ദൈവീക അനുഗ്രഹം കൃപയുടെ നീർച്ചാലുകളായി കൗദാശിക ജീവിതത്തിന്റെ പശ്ചാത്തലത്തിലും ആചാരാനുഷ്ഠാനങ്ങളുടെ നിറവിലും സഭയിലൂടെ നമ്മളിലേക്കു സന്നിവേശിക്കപ്പെടുമ്പോൾ രക്ഷയുടെ അനുഭവങ്ങളിൽ നാം വളരുകയാണ്. ❑

അനുതാപം: ദൈവരാജ്യ പ്രവേശനത്തിന്

(കൂടാരപ്പെരുന്നാളിനുശേഷം ഒന്നാം ഞായർ)

വി. മത്തായി 21:28-32

ഗീവർഗീസ് മാർ പീലക്സിനോസ്



ക്രിസ്തീയ ജീവിതത്തിന്റെ മർമ്മപ്രധാനമായ അനുഭവമാണ് അനുതാപം എന്നത്. മനം തിരിയുക, തിരികെ വരുക എന്നർത്ഥം. അതായത് യഥാർത്ഥ ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുകയും, ദൈവത്തിൽ നിന്ന് അകന്നു പോവുകയും ചെയ്യുന്ന മനുഷ്യൻ, മനംതിരിഞ്ഞ് ദൈവത്തിലേക്കും യഥാർത്ഥ ലക്ഷ്യത്തിലേക്കും തിരികെ വരുന്നതാണ് അനുതാപം. ഇതിന്റെ മർമ്മവും വ്യാപ്തിയും വെളിപ്പെടുത്തുന്ന ധാരാളം ഉദാഹരണങ്ങളും കർത്താവിന്റെ ഉപമകളും വി. വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. അതിൽ ഒന്നാണ് ഇന്നത്തെ വി. സുവിശേഷഭാഗം (വി. മത്തായി 21:28-32).

മാതാപിതാക്കളോട് അനാദരവ്

രണ്ടു പുത്രന്മാർ ഉള്ള മനുഷ്യൻ, ഒന്നാമത്തെ പുത്രനോട് മുന്തിരിത്തോട്ടത്തിൽ പോയി വേല ചെയ്യുവാൻ പറഞ്ഞപ്പോൾ, അവനു മനസ്സില്ല എന്നതായിരുന്നു പുത്രന്റെ മറുപടി (വാ. 28, 29). പിതാവിനോട് അനുസരണക്കേട് കാണിച്ച പുത്രൻ, പിതാവിന്റെ ആഗ്രഹത്തോട് മറുതലിച്ചവൻ, പിതാവിന്റെ വാക്കുകളെ നിഷേധിച്ചവൻ, തർക്കുത്തരം പറഞ്ഞ് പിതാവിന്റെ മനസ്സിനെ വേദനിപ്പിച്ചവൻ എന്നതെല്ലാം ഈ പുത്രന്റെ സ്വഭാവത്തിൽ നമുക്കു കാണാം.

വി. വേദപുസ്തകത്തിൽ, മാതാപിതാക്കളോട് അനാദരവ് കാണിക്കുന്നവർക്കുള്ള ശിക്ഷയും ദൈവകോപവും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. 'അപ്പന്റെയോ അമ്മയുടെയോ വാക്കു കേൾക്കാതെയും അവർ ശാസിച്ചാലും അനുസരിക്കാതെയുമിരിക്കുന്ന ശഠനും മത്സരിയുമായ മകൻ ഒരുത്തനുണ്ടെങ്കിൽ, അമ്മയപ്പന്മാർ അവനെ പിടിച്ച് പട്ടണത്തിലെ മൂപ്പന്മാരുടെ അടുക്കൽ പട്ടണവാതിൽക്കലേയ്ക്കു കൊണ്ടുപോയി, ഞങ്ങളുടെ ഈ മകൻ ശഠനും മത്സരിയും തങ്ങളുടെ വാക്കു കേൾക്കാത്തവനും തിന്നിയും കുടിയനും ആകുന്നുവെന്ന് പട്ടണത്തിലെ മൂപ്പന്മാരോടു പറയണം' (ആവർത്തനം 21:18, 19, 20). 'അപ്പനെയോ അമ്മയെയോ നിന്ദിക്കുന്നവൻ ശപിക്കപ്പെട്ടവൻ' (ആവർത്തനം 27:16). 'അപ്പനെ പരിഹസിക്കുകയും അമ്മയെ അനുസരിക്കാതിരിക്കുകയും ചെയ്യുന്ന കണ്ണിനെ, തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കുകയും കഴുകൻകുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും' (സദൃശ്യവാക്യങ്ങൾ 30:17). 'അമ്മയപ്പന്മാരെ അനുസരിക്കാത്തവർക്ക് അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും' (2 തീമോത്തി 3:12).

അനുതാപം രക്ഷയിലേക്ക്

ഒന്നാമത്തെ പുത്രൻ, പിതാവിന്റെ ആദ്യവാക്ക് അനുസരിച്ചില്ലെങ്കിലും പിന്നത്തേതിൽ അവൻ അനുതപിച്ചു; മുന്തിരിത്തോട്ടത്തിൽ വേലയ്ക്കു പോയി (വാ. 29). പുത്രന്റെ അനുതാപം പിതാവിന് ഇഷ്ടമായി. പറഞ്ഞതും ചെയ്തതും തെറ്റായിപ്പോയി എന്ന കുറ്റബോധം, അവനെ മാനസാന്തരത്തിലേക്കും അനുതാപത്തിലേക്കും നയിച്ചു.

ദൈവരാജ്യത്തിലേക്കുള്ള പ്രവേശനത്തിന് അവശ്യം വേണ്ടിയിരിക്കുന്നത് അനുതാപമാണെന്ന് കർത്താവ് ഇവിടെ നമ്മെ പഠിപ്പിക്കുകയാണ്. പരീശന്മാർ ബാഹ്യമായ അനുഷ്ഠാനങ്ങൾക്ക് ഊന്നൽ കൊടുത്തപ്പോൾ ഹൃദയപരിവർത്തനമാണ് യേശുക്രിസ്തു നിർദ്ദേശിച്ചത്. 'ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പീൻ' (വി. മർക്കോസ് 1:15). യാഗങ്ങളും വഴിപാടുകളുമല്ല യഹോവയ്ക്കു പ്രസാദം, തകർന്നും നുറുങ്ങിയതുമായ ഹൃദയമാണ് (സങ്കീ. 51:17, യെഹ. 36:26, യിരമ്യാ. 31:33, സങ്കീ. 19:7). "നിങ്ങളുടെ വസ്ത്രങ്ങളെയല്ല; ഹൃദയങ്ങളെത്തന്നെ കീറുവീൻ" (യോവേൽ 2:13) എന്നു പറയുന്നുണ്ട്.

അനുതാപം അഥവാ മാനസാന്തരം ഒരു പ്രത്യേക ദിവസത്തിലോ ഘട്ടത്തിലോ മാത്രം നടക്കുന്ന ഒന്നല്ല, ജീവിതത്തിൽ ഉടനീളം വ്യാപരിക്കുന്ന ഒന്നാണ്. എപ്പോഴൊക്കെ ദൈവത്തിൽ നിന്നും, അവിടുത്തെ കൃപയിൽ നിന്നും അകന്നു പോകുന്നുവോ അപ്പോഴൊക്കെ അവിടുത്തെ സന്നിധിയിലേക്ക് തിരികെ പോകേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് ആരാധനയുടെ ഒരു മുഖ്യ ഘടകമായി അനുതാപത്തിന്റെ പ്രാർത്ഥനകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

അനുതാപത്തിനും മാനസാന്തരത്തിനും അവസരങ്ങൾ ലഭിക്കുമ്പോൾ അത് ഫലപ്രദമായി ഉപയോഗിക്കുന്നതാണ് ക്രൈസ്തവജീവിതം.

വാചക കസർത്തും കപടതയും

രണ്ടാമത്തെ മകന്റെ അടുത്തുചെന്ന്, മുന്തിരിത്തോട്ടത്തിൽ പോയി വേല ചെയ്യുവാൻ, പിതാവ് പറഞ്ഞപ്പോൾ, "ഞാൻ പോകാം" എന്നാണ് അവൻ മറുപടി പറഞ്ഞത്. പക്ഷേ അവൻ പോയില്ല താനും (വാ. 30). പിതാവിന്റെ മുമ്പിൽ മാന്യനെന്നു അഭിനയിക്കുകയായിരുന്നു. യഥാർത്ഥത്തിൽ ഹൃദയത്തിൽ നേരില്ലാത്ത പ്രവൃത്തിയായിരുന്നു അത്. പുറത്ത് അഭിനയവും അകത്ത് കപടതയും. പ്രവൃത്തിയില്ലാത്ത വാചകമടി മാത്രമായിരുന്നു.

'ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാകുന്നു' (വി. യാക്കോബ് 2:26). അധരം സംസാരിക്കുന്നതും ഹൃദയം സംസാരിക്കുന്നതും തമ്മിൽ അർത്ഥത്തിലും ആത്മാർത്ഥതയിലും വ്യത്യാസമുണ്ട്. വാചകമടിയും കസർത്തും പുറംമോടിക്കാകാം. തീക്ഷ്ണതയും ഉദ്ദേശ്യശുദ്ധിയും അതിനുണ്ടാകുകയില്ല.

കപടതയ്ക്കെതിരെയാണ് യേശുക്രിസ്തു ഏറ്റവും കൂടുതൽ വിമർശനം നടത്തിയിട്ടുള്ളത്. പരീശന്മാരുടെയും ശാസ്ത്രിമാരുടെയും കപടഭക്തിയെയും വാചക കസർത്തിനെയും രൂക്ഷമായ ഭാഷയിൽ വിമർശിക്കുന്ന ധാരാളം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. 'കപടഭക്തിക്കാരായ നിങ്ങളെക്കുറിച്ച് യെശയ്യാവ് പ്രവചിച്ചതു ശരി: ഈ ജനം അധരം കൊണ്ടു എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എങ്കൽ നിന്നു ദൂരത്തു അകന്നിരിക്കുന്നു' (വി. മർക്കോസ് 7:6).

'എന്നോട് കർത്താവേ: കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല; സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്' (വി. മത്തായി 7:21).

പുറംതള്ളപ്പെട്ടവർ സ്വീകരിക്കപ്പെടുന്നു

പല കാരണങ്ങൾ കൊണ്ട് സമൂഹം പുറംതള്ളിയവരെ യേശു സ്നേഹിക്കുകയും അവരുടെ മാനസാന്തരവും പശ്ചാത്താപവും അംഗീകരിച്ച് ദൈവരാജ്യാനുഭവത്തിലേക്ക് അവരെ നയിക്കുകയും ചെയ്യുന്ന ധാരാളം അനുഭവങ്ങൾ വി. വേദപുസ്തകത്തിൽ കാണാം. 'യോഹന്നാൻ നീതിമാർഗ്ഗം ഉപദേശിച്ചുകൊണ്ട് നിങ്ങളുടെ അടുക്കൽ വന്നു; നിങ്ങൾ അവനെ വിശ്വസിച്ചില്ല; എന്നാൽ ചുങ്കക്കാരും വേശ്യമാരും അവനെ വിശ്വസിച്ചു; അവർ നിങ്ങൾക്കു മുമ്പായി ദൈവരാജ്യത്തിൽ കടക്കുന്നു; അത് കണ്ടിട്ടും നിങ്ങൾ അവനെ വിശ്വസിക്കുവാൻ തക്കവണ്ണം പിന്നത്തേതിൽ അനുതപിച്ചില്ല' (വാക്യം 31, 32).

നീതിമാർഗ്ഗത്തെക്കുറിച്ചും മാനസാന്തരത്തെക്കുറിച്ചും യോഹന്നാൻ സ്നാപകനും യേശുക്രിസ്തുവും നിരന്തരമായി പ്രസംഗിച്ചുവെങ്കിലും അത് കേൾക്കുവാനോ അതനുസരിച്ച് ജീവിതത്തെ രൂപാന്തരപ്പെടുത്തുവാനോ ജനം തയ്യാറായില്ല. അതാണ് യേശുക്രിസ്തു ഇവിടെ വിമർശനാത്മകമായി പ്രസ്താവിക്കുന്നത്. മാനസാന്തരത്തിന്റെ ഫലം ഒന്നും കാണാതിരിക്കുന്നതിന്റെ നിരാശയും സങ്കടവും യേശുവിന്റെ വാക്കുകളിൽ ഉണ്ട്.

പുറംതള്ളപ്പെട്ടവരും ബഹിഷ്കൃതരുമായ വ്യക്തികളെയും സമൂഹങ്ങളെയും യേശു സ്വീകരിക്കുന്ന അനുഭവങ്ങൾ നിരവധിയുണ്ട്. ചുങ്കക്കാരും വേശ്യകളും (ഇന്നത്തെ വി. വേദഭാഗം), കുഷ്ഠരോഗികൾ (വി. മത്തായി 8:3), പാപിനിയായ സ്ത്രീ (വി. യോഹ. 8:11), അനുതപിച്ച ദുഷ്പ്രവൃത്തിക്കാരൻ (വി. ലൂക്കോ. 23:43), പള്ളിഭ്രഷ്ടനാക്കപ്പെട്ട കുരുടൻ (വി. യോഹ. 9:35). ഇവയൊക്കെ അവയിൽ ചിലതു മാത്രമാണ്.

അനുതാപത്തിനും മാനസാന്തരത്തിനും അവസരങ്ങൾ ലഭിക്കുമ്പോൾ അത് ഫലപ്രദമായി ഉപയോഗിക്കുന്നതാണ് ക്രൈസ്തവജീവിതം.

❑

ആരാധനാ സഹായികൾ

ഫാ. സ്റ്റാൻലി ഡേവിഡ് ജയിംസ്

ദൈവ സാന്നിധ്യത്തിൽ നമ്മുടെ ശരീര മനസ്സുകളുടെ പരിപൂർണ്ണ സമർപ്പണം ഉണ്ടാകുമ്പോഴാണ് ഒരു പരിപൂർണ്ണ ആരാധനാ (Holistic Worship) സാധ്യമാകുന്നത്. എന്നിരുന്നാലും പൂർണ്ണഹൃദയത്തോടുള്ള ഒരു ആരാധനയെ സുഗമമാക്കുവാൻ ചുറ്റുപാടിന്റെ അന്തരീക്ഷത്തെ (Ambience) വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന ധാരാളം ഘടകങ്ങൾ ഉണ്ട്.

1. ആരാധനസ്ഥലം (Liturgical Space)

ദൈവത്തിന്റെ മഹത്വം ഈ ഭൂലോകം മുഴുവനും പക്ഷവാദം കൂടാതെ നിറഞ്ഞിരിക്കുന്നു എന്നുള്ളതും ദൈവത്തെ പറ്റിയുള്ള ആഴമായ മനസ്സിലാക്കൽ സ്ഥലകാല പരിമിധികൾക്കപ്പുറമുള്ളതുമാണെന്നുള്ളത് ഒരു വാസ്തവമാണ്. എന്നിരുന്നാലും ആദിമ കാലം മുതൽ തന്നെ ആരാധനയ്ക്കായി മാത്രം പ്രത്യേകം വേർതിരിച്ച് സമർപ്പിക്കപ്പെട്ട ഇടങ്ങളുണ്ടായിരുന്നു. ഇത് ആരാധനയ്ക്കുവേണ്ടി മാത്രമാണ് ഉപയോഗിച്ചിരുന്നത്. ഇത് ഒരിക്കലും ആ സ്ഥലത്തു നിന്നുള്ള പ്രാർത്ഥനാ മാത്രമേ ദൈവം കേട്ടിരുന്നുള്ളൂ എന്ന് അർത്ഥമാക്കുന്നില്ല, മറിച്ച് ഇങ്ങനെ ഒരു ക്രമീകരണം ഉണ്ടാകുന്നതോടെ ആരാധകരുടെ ഹൃദയങ്ങളിൽ ആ സ്ഥലത്ത് എത്തുമ്പോൾ ദൈവത്തോടുള്ള ആദരവും ദൈവത്തിലേയ്ക്ക് ഒരു കേന്ദ്രീകരണവും ഉണ്ടാക്കുന്നതിന് സഹായിക്കുന്നു.

എങ്ങനെയാണോ മോശയ്ക്ക് എരിയുന്ന മുൾപ്പടർപ്പിന്റെ സാമീപ്യം ആദരവിന്റെ മനോഭാവം ഉണ്ടാക്കിയത്, ഇതേപോലെ ആരാധനാ ഇടം വിശ്വാസികളുടെ മനസ്സിൽ ദൈവത്തെപ്പിറ്റിയുള്ള ബോധവും, ആദരവും ഉണ്ടാക്കുന്നു. ഈ ആരാധനാ സ്ഥലം വിശ്വാസികൾക്ക് ഒന്നിച്ചുള്ള കൂടിവരവിന് സഹായിക്കുകയും, തന്മൂലം അവർ തമ്മിലുള്ള ഐക്യം വർദ്ധിക്കുന്നതിന് മുഖാന്തിരമാകുകയും ചെയ്യുന്നു. ആരാധനയിൽ വിശ്വാസിയുടെ സജ്ജീവ പങ്കാളിത്തത്തിന് ആരാധനാ ഇടം വളരെ പ്രധാനപ്പെട്ടതാണ്. ഇങ്ങനെയുള്ള ഒരു നിശ്ചിത സ്ഥല ക്രമീകരണം ഭവനങ്ങളിലും ഉണ്ടാക്കുന്നത് ഉചിതം ആയിരിക്കും.

2. ആരാധനയുടെ ദിശ (Liturgical Direction)

ദിശാകേന്ദ്രീകൃതമായ (Directional Orientation) ഒരു ആരാധന അടിസ്ഥാന പരമായ ഒരു ക്രമം സൃഷ്ടിക്കുവാൻ സഹായകമാകും, പ്രത്യേകിച്ച് ഒരു സമൂഹ ആരാധനയുടെ പശ്ചാത്തലത്തിൽ. വേദപുസ്ത-ദൈവശാസ്ത്ര അടിസ്ഥാനത്തിൽ പൗരസ്ത്യ ആരാധന കിഴക്കിന് പ്രാധാന്യം നൽകുന്നു. എല്ലാ പ്രാർത്ഥനകളും കിഴക്കിനഭിമുഖമായി നിർവ്വഹിക്കുന്നതിന് പിതാക്കന്മാർ അനേകം വിശദീകരണങ്ങൾ നല്കുന്നുണ്ട്. ഉദാഹരണത്തിന് കിഴക്കാണ് പ്രകാശത്തിന്റെ ഉത്ഭവദിശ. ക്രിസ്തു നീതിസൂര്യനാകുന്നു. പ്രകാശത്തെ പ്രത്യാശ എന്നും സത്യം എന്നും വ്യാഖ്യാനിക്കപ്പെടാവുന്നതാണ്. ആയതിനാൽ മശിഹായുടെ വരവ് ഭൗതികമായ കിഴക്ക് എന്ന ദിശയിൽ നിന്നുമാണെന്ന് പ്രതീക്ഷിക്കുന്നു. നേരെ മറിച്ച് പടിഞ്ഞാറാണ് പ്രകാശം അസ്തമിക്കുന്നത്. അതായത് പടിഞ്ഞാറ് ക്രമമില്ലായ്മയുടേയും ദുഷ്ടതയുടേയും ദിശയായും വ്യാഖ്യാനിക്കപ്പെടുന്നു. ഈ ഒരു തത്വത്തിലാണ് വി. മാമോദീസാ കൂദാശയിൽ പടിഞ്ഞാറോട്ടു തിരിഞ്ഞ് നിന്ന് സാത്താനെ ഉപേക്ഷിക്കുന്നതും കിഴക്കോട്ടു തിരിഞ്ഞു നിന്നു മശിഹായെ സ്വീകരിക്കുന്നതും.

കിഴക്കോട്ടുനിന്നുള്ള പ്രാർത്ഥന മാത്രമേ ദൈവം കേൾക്കുകയുള്ളൂ എന്നർത്ഥമാക്കേണ്ടതില്ല. ഇത് അർത്ഥമാക്കുന്നത് നാം പ്രതീക്ഷിക്കുന്ന രക്ഷയിലേക്കുള്ള ബോധപൂർവ്വമായ ഒരു ദിശാകേന്ദ്രീകരണമാണ് (a wilful orientation towards an expected salvation).

ദിശാപരമായി ദ്വീതീയ സ്ഥാനം ലഭിക്കുന്നത് വടക്കിനാണ്. ദൈവത്തിന്റെ സിംഹാസനം കിഴക്ക് എന്ന ദിശയിൽ നാം ചിത്രീകരിക്കുമ്പോൾ ആ സിംഹാസനത്തിന്റെ വലത്തു ഭാഗം എന്ന് പറയുന്നത് വടക്ക് എന്ന ദിശയാണെന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. വീണ്ടും ഇത് യഹൂദ സംസ്കാരത്തിലും മലങ്കരയുടെ പ്രാദേശികമായുള്ള ജ്യോതി-വാസ്തു ശാസ്ത്രങ്ങളിൽ നിന്ന് സ്വീകരിച്ചതാവാം. പഴയ ഭൂമിശാസ്ത്ര ചിന്തയിൽ വടക്ക് എന്നുള്ളത് ഉയർന്ന സ്ഥലമായി കണക്കാക്കിയിരുന്നു. ഇതാവാം ആരാധനാ ക്രമീകരണങ്ങളിൽ വടക്കിന് പ്രാധാന്യം ലഭിക്കുവാൻ ഇടയായത്. ഉദാഹരണത്തിന് വി. ത്രോണോസിൽ വടക്കുനിന്ന് തിരികത്തിച്ചുതുടങ്ങുന്നതും, സ്ഥാന - പ്രായമുറ വടക്കു നിന്നാരംഭിക്കുന്നതും.

3. ആരാധനകാലവും സമയവും (Liturgical hours and seasons)

സഭയുടെ പഠിപ്പിക്കൽ അനുസരിച്ച് ഒരു വിശ്വാസിയുടെ ജീവിതം കൗദാശികമായ ജീവിതമാണ്. ഇതിനാലാണ് ഇടവിടാതെ പ്രാർത്ഥിക്കണമെന്ന് പിതാക്കന്മാർ പഠിപ്പിച്ചുതരുന്നത്. പ. പൗലോസ് ശ്ലീഹാ തെസ്സലോനികൃർക്കെഴുതിയ ലേഖനത്തിൽ ഇതുതന്നെ ഓർമ്മിപ്പിക്കുന്നു (1 തെസ്സ 5:14). പ്രാർത്ഥന എന്നത് യാന്ത്രികമായ ഒരു പ്രവർത്തനമല്ല, മറിച്ച് ഒരു ജീവിത ശൈലിയാണ്. എന്നിരുന്നാലും ദൈനംദിന ജീവിതാവശ്യങ്ങൾ പരിഗണിച്ചാണ് കാനോനിക നമസ്ക്കാരങ്ങൾ നിശ്ചിത സമയങ്ങളിലാക്കി മാത്രം ക്രമീകരിച്ചിരിക്കുന്നത്. ദാവീദ് രാജാവും ഇത് കാണിച്ചുതരുന്നുണ്ട് (സങ്കീ 119: 164). വി. മത്തായി 6:5-ൽ യേശുക്രിസ്തുവിന്റെ വാക്കുകൾ നാം കാണുന്നത് "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ..." ഇരുവരും ക്രമീകൃത സമയങ്ങളിലെ പ്രാർത്ഥനയെ സൂചിപ്പിക്കുന്നു.



മലങ്കരസഭയിൽ പ്രാർത്ഥനകളെ, പൊതുവെ കാലങ്ങളായും യാമങ്ങളായും ക്രമീകരിച്ചിരിക്കുന്നു. ആരാധനാ വർഷത്തിൽ ഏഴുകാലങ്ങളും ആരാധനാ ദിവസത്തിൽ ഏഴു യാമങ്ങളും ഉണ്ട്. യാമങ്ങളെപ്പറ്റിയുള്ള വിശദവിവരങ്ങൾ 'കാനോനിക നമസ്കാരങ്ങൾ' എന്ന അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

ആരാധനാവർഷത്തെ ഏഴു കാലങ്ങളായി തിരിച്ചിരിക്കുന്നു:

1. കൂദോശ്ഈത്തോ മുതൽ യൽദോ (ജനനപ്പെരുന്നാൾ) വരെ.
2. യൽദോ മുതൽ ദനഹാ വരെ.
3. ദനഹാ മുതൽ വലിയനോമ്പ് ആരംഭം (കൊത്നെ ഞായർ) വരെ.
4. കൊത്നെ മുതൽ ക്യംതാ വരെ (വലിയനോമ്പ് കാലം).
5. ക്യംതാ മുതൽ പെന്തിക്കോസ്തി വരെ.
6. പെന്തിക്കോസ്തി മുതൽ സ്ലീബാ പെരുന്നാൾ വരെ.
7. സ്ലീബാ പെരുന്നാൾ മുതൽ കൂദോശ്ഈത്തോ വരെ.

4. ആരാധനാ നിറങ്ങൾ (Liturgical Colours)

പൊതുവെ മലങ്കര ഓർത്തഡോക്സ് സഭയിൽ ആരാധനാനിറത്തിന് പ്രത്യേക പ്രാധാന്യം നൽകാറില്ല. ആരാധനാകാലത്തിനനുസൃതമായ ആരാധനാ നിറങ്ങളുടെ ക്രമീകരണം പാശ്ചാത്യ പാരമ്പര്യമാണ്. കാനോനികമായി ആരാധനയിലെ നിറത്തെപ്പറ്റി ഒരു ക്രമീകരണം കാണുന്നത് വി. മൂറോൻ കൂദാശയുടെ രണ്ടാംക്രമത്തിൽ വെള്ള നിറത്തിലുള്ള അംശവസ്ത്രം കാർമ്മികൻ ധരിക്കണം എന്നുള്ളതു മാത്രമാണ്.

എന്നാൽ മറ്റ് ആരാധനാ ക്രമീകരണങ്ങളിൽ നിറത്തിന് ഒരു ചട്ടം പാലിക്കുന്നത് ത്രോണോസിന്റെ വിരിക്കൂട്ടിൽ ഉപയോഗിക്കുന്ന ത്രിവർണ്ണങ്ങളിലാണ്. (ചുവപ്പ് - പ്രപഞ്ചത്തെ സൂചിപ്പിക്കുന്നു. പച്ച -ഭൂമിയെ സൂചിപ്പിക്കുന്നു. വെള്ള - പരിശുദ്ധസഭയെ സൂചിപ്പിക്കുന്നു.) വിരിക്കൂട്ടിന്റെ ഈ ക്രമീകരണ മാതൃകയിലാണ് പൊതുവെ ത്രോണോസിലെ വിരി, ഏവൻഗേലിയോൻ മേശ, തിരശ്ശീല മുതലായവയെ അലങ്കരിക്കുന്നത്. എന്നാൽ ഇത് കാനോനികമായി നിർബന്ധ ചട്ടമല്ല. അതിനാൽ തന്നെ പല ദേവാലയങ്ങളിലും പച്ചയ്ക്കു പകരം കടുംനീല നിറവും, ചുവപ്പിൽ അലങ്കാരപണികൾ ചെയ്തതും ഉപയോഗിച്ചു കണ്ടുവരുന്നത്.

പൊതുവെ കണ്ടുവരുന്ന മറ്റൊരു ക്രമീകരണം ഹാശാ ആഴ്ചയിലെ കറുപ്പിന്റെ അലങ്കാരങ്ങൾ ആണ് (തിരശ്ശീല, ത്രോണോസ്, ഏവൻഗേലിയോൻ മേശ, കാർമ്മികന്റെ കാപ്പാ). കറുപ്പുനിറം അനുതാപ മനോഭാവത്തെ തീവ്ര

മാക്കുവാൻ സഹായിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നു. ഗോഗുൽത്തായിലെ സ്ലീബായ്ക്കുപയോഗിക്കുന്ന മറയ്ക്ക് പാരമ്പര്യമായി ഉത്ഥാന പെരുന്നാളിന് ചുവപ്പും അതിനുശേഷമുള്ള (ഹേവോറോ) ദിനങ്ങളിൽ വെള്ളയുമാണ് ഉപയോഗിക്കാറുള്ളത്.

പാശ്ചാത്യ പാരമ്പര്യത്തിൽ വെള്ള നിറം നിർമ്മലതയുടെയും നിഷ്കളങ്കതയുടെയും നിറമായും, പച്ച ഫലസമൃദ്ധിയുടെയും ധാരാളിത്വത്തിന്റെയും നിറമായും, ചുവപ്പ് ആത്മീയ ഉണർവ്വിന്റെയും തീവ്രതയുടെയും നിറമായും കാണുന്നു. മഞ്ഞ സന്തോഷത്തിന്റെയും ആതിഥ്യത്തിന്റെയും, നീല പ്രത്യാശയുടെയും ആരോഗ്യത്തിന്റെയും, ഓറഞ്ച് ശക്തിയുടെയും സഹിഷ്ണതയുടെയും, വയലറ്റ് ക്ഷമയുടെയും സഹനത്തിന്റെയും നിറങ്ങളായി കാണുമ്പോൾ കറുപ്പ് ശൂന്യതയുടെ പൂർണ്ണതയും അതുപോലെ തന്നെ ഭയത്തിന്റെയും മരണത്തിന്റെയും നിറമായി കാണുന്നു.

5. ആരാധനയിലെ സംഖ്യകൾ (Liturgical Numbers)

മലങ്കരസഭയിൽ ആരാധന സംഖ്യാശാസ്ത്രത്തെപ്പറ്റി വ്യക്തമായ വേദശാസ്ത്ര വ്യാഖ്യാനങ്ങൾ രൂപപ്പെട്ടിട്ടില്ല. എന്നാൽ ഒന്ന്, രണ്ട്, മൂന്ന്, ഏഴ്, പന്ത്രണ്ട് എന്ന സംഖ്യകൾക്ക് അർത്ഥവത്തായ പ്രാധാന്യം ഉണ്ട്. ഇത് ഏറെക്കുറെ യഹൂദപാരമ്പര്യത്തിൽ നിന്ന് കടമെടുത്തിട്ടുള്ളവയാണ്. ഇന്ന് മലങ്കരസഭയിൽ നിലനിൽക്കുന്ന ആരാധനാ സംഖ്യാശാസ്ത്രം വേദപുസ്തകാധിഷ്ഠിതമാണ്.

ഒന്ന് എന്ന സംഖ്യ പ്രധാനമായി ഐക്യത്തെ സൂചിപ്പിക്കുന്നു. ഒന്ന് എന്ന സംഖ്യ ആരാധനയിൽ പ്രധാനമായും ഏകദൈവത്തെ പ്രതീകവൽക്കരിക്കുന്നു. "നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശയ്ക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവരും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും കൂടി ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" (എഫേ. 4:4-6).

രണ്ട് എന്ന സംഖ്യ പൊതുവെ യേശുക്രിസ്തുവിന്റെ ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും പൂർണ്ണതയെ പ്രതീകവൽക്കരിക്കുന്നു (കൊലോ: 2:9). എല്ലാ ക്രിസ്തീയ പഠിപ്പിക്കലുകളും മൂന്ന് എന്ന സംഖ്യയെ വി. ത്രിത്വത്തോടാണ് ബന്ധപ്പെടുത്തുന്നത്. നാല് എന്ന സംഖ്യയ്ക്ക് പ്രത്യേക പ്രാധാന്യം ഇല്ല എങ്കിലും അത് ഭൂമിയുടെ നാല് അതിരുകളെ സൂചിപ്പിക്കുന്നു. ഏഴ് യഹൂദാ പാരമ്പര്യത്തിൽ പരിപൂർണ്ണതയുടെ പ്രതീകമാണ്. വേദപുസ്തകത്തിൽ ഏഴിനെപ്പറ്റി ധാരാളം പരാമർശനങ്ങൾ ആദ്യാവസാനം കാണുന്നു. ഉദാഹരണത്തിന് സൃഷ്ടി ഏഴു ദിവസംകൊണ്ട്, പ്രാർത്ഥനയുടെ ഏഴ് യാമങ്ങൾ, വെളിപാട് പുസ്തകത്തിൽ 7 സഭകൾ, 7 വിളക്കുകൾ മുതലായവ. പന്ത്രണ്ട് പൂർണ്ണതയുടെ പ്രതീകമാണ്. ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾ, യേശുവിന്റെ പന്ത്രണ്ടു ശ്ലീഹന്മാർ ഇവ ഇതിന്റെ സൂചനയാണ്.

24, 40, 70, 144000 എന്നുള്ള അക്കങ്ങളും വേദശാസ്ത്രപരമായി പ്രാധാന്യം ഉണ്ടെങ്കിലും ആരാധനയിൽ ഉപയോഗിക്കുന്നില്ല.

അഞ്ചൽ ഡിസ്ട്രിക്റ്റ് പ്രവർത്തനോദ്ഘാടനം

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് അഞ്ചൽ ഡിസ്ട്രിക്റ്റ് പ്രവർത്തനോദ്ഘാടനം അഞ്ചൽ മണ്ണൂർ മർത്തശ്മൂനി ഓർത്തഡോക്സ് പള്ളിയിൽ വച്ച് 26-07-2026 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം നടത്തപ്പെട്ടു.

അഞ്ചൽ ഡിസ്ട്രിക്റ്റ് വൈസ് പ്രസിഡന്റും, മണ്ണൂർ മർത്തശ്മൂനി ഓർത്തഡോക്സ് പള്ളി വികാരിയും ആയ ഫാ. ജോൺ. കെ. തങ്കച്ചൻ അധ്യക്ഷത വഹിച്ചു. യോഗത്തിൽ അഞ്ചൽ ഡിസ്ട്രിക്റ്റിൽ ഉൾപ്പെട്ട 7 ഇടവകകളിൽ നിന്നും പ്രതിനിധികൾ വന്ന് പങ്കെടുത്തു. ഇടവക SDOF വൈസ് പ്രസിഡന്റ് ഷിബു ജോർജ്ജ് ഏവർക്കും സ്വാഗതം ആശംസിച്ചു. മാർത്തോമാ സഭ തിരുവനന്തപുരം ഭദ്രാസനം ചണ്ണപ്പെട്ട മണക്കോട് ഇടവക വികാരി ഫാ. കെവിൻ വർഗ്ഗീസ് ഉദ്ഘാടനം നിർവ്വഹിച്ച് മുഖ്യ സന്ദേശം നൽകി.

SDOF Sunday പത്താം പതിപ്പ് ജൂലൈ 26 ഞായറാഴ്ച കേന്ദ്ര റീജിയണൽ സെക്രട്ടറി ഷിബു വർഗീസ് SDOF അഞ്ചൽ ഡിസ്ട്രിക്റ്റ് സമ്മേളനത്തിൽ വെച്ച് പബ്ലീഷ് ചെയ്തു. തിരുവനന്തപുരം ഡിസ്ട്രിക്റ്റ് സെക്രട്ടറി സ്വബോധ ജോർജ്, ട്രഷറർ ജോർജ് തോമസ്, SDOF അഞ്ചൽ ഡിസ്ട്രിക്റ്റ് പ്രസിഡണ്ട് ഫാ. ജോൺ കെ. തങ്കച്ചൻ, ഫാ. കെവിൻ വർഗീസ്, ഡിസ്ട്രിക്റ്റ് സെക്രട്ടറി നാൻസി തമ്പി, യൂണിറ്റ് വൈസ് പ്രസിഡന്റ് ഷിബു ജോർജ് എന്നിവർ സന്നിഹിതരായിരുന്നു.

അയ്യപ്പൻകോവിൽ സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളിയിൽ സെന്റ് ഡയനിഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ യൂണിറ്റ് ഉത്ഘാടനവും സൗജന്യ പച്ചക്കറി തൈ വിതരണം നടത്തി. ഇടവക വികാരി റവ. ഫാ. മാത്യു ജോൺ അധ്യക്ഷത വഹിച്ചു. S.D.O.F ഭദ്രാസന സെക്രട്ടറി ജയൻ കുരുവിള വട്ടമല പരിപാടി ഉദ്ഘാടനം ചെയ്തു. എബ്രഹാം എം. കെ. മണ്ണുകുന്നേൽ, ഇടവക ട്രസ്റ്റി ഷൈൻ മാത്യു, സിജോ എവറസ്റ്റ്, യൂണിറ്റ് ട്രഷറർ ജോജു ഒലിക്കര, യൂണിറ്റ് ജോയിന്റ് സെക്രട്ടറി സൗമി പാലവിള എന്നിവർ പ്രസംഗിച്ചു.

ഉമയാറ്റുകര സെന്റ് തോമസ് വലിയപള്ളിയിൽ രൂപീകരിച്ച SDOF യൂണിറ്റിന്റെ ഔപചാരികമായ ഉദ്ഘാടനം, കൂർത്തമല ഗ്ലോറിയ ഭവനിൽ വെച്ച്, കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ബിജു ടി മാത്യു നിർവഹിച്ചു. ഇടവക വികാരി മാത്യു വർഗീസ് കോർ എപ്പിസ്കോപ്പയുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. സുനിൽ ജോസഫ്, ഫാ. ഗീവർഗീസ് ശമുവേൽ, വത്സമ്മ വർഗീസ്, ഷാജി മാത്യു, ജോണി കുതിരവട്ടം, വർഗീസ് എബ്രഹാം എന്നിവർ പ്രസംഗിച്ചു.

കടമറ്റം പോയേടം പള്ളി കൂദാശ (1946)

22-6-121. കോട്ടയം. ആറ്റുതുരുത്തേൽ എ. വി. ജോർജിന്റെ ... ഒമ്പതു മണിയോടു കൂടി ... ഇന്ന് എം.ഡി. സെമിനാരിയിലേക്കു പോകണമെന്നു വിചാരിച്ചിരുന്നെങ്കിലും നമ്മുടെ കാറിനു കേടു നന്നാക്കാൻ കൊണ്ടുപോയിരുന്നതുകൊണ്ടു പോകാൻ സാധിച്ചില്ല. കടമറ്റത്തിനു നമ്മോടുകൂടി പോകുന്നതിനായി കുറിയാക്കോസ് റമ്പാച്ചൻ വന്നു.

23-6-121. കടമറ്റം. രാവിലെ കാപ്പിമേശയ്ക്കുശേഷം കടമറ്റത്തിനു പോകുന്നതിലേക്കായി നാമും കുറിയാക്കോസ് റമ്പാച്ചനും കൂടി യാത്ര തിരിച്ചു. നമ്മുടെ കാറിൻറെ എഞ്ചിനകത്തു വല്ലാതെ പൊട്ടലുണ്ടായതിനാൽ വഴിയിൽ കുറച്ചു സമയം കിടക്കേണ്ടി വന്നു. പതിനൊന്നു മണിയോടു കൂടി മൂവാറ്റുപുഴ അരമനയിൽ എത്തി. ഉച്ചമേശയ്ക്കുശേഷം കടമറ്റത്തേക്കു പോന്നു. ... പള്ളിയിൽ കയറി ലുത്തിനിയാ കഴിച്ചതിനുശേഷം പള്ളിമുറിയിൽ താമസിച്ചു. രാത്രിയിൽ റാസയും കരിമരുന്നുപ്രയോഗവും ഉണ്ടായിരുന്നു.

24-6-121. കടമറ്റം. കടമറ്റത്തു പോയേടം എന്ന സ്ഥലത്തു പുതുതായി പണികഴിപ്പിച്ചിട്ടുള്ള ചാപ്പൽ തീമോത്തിയോസ് മെത്രാച്ചൻറെ സഹകരണത്തോടു കൂടി കൂദാശ ചെയ്തു. അതിനുശേഷം നാമും, മെത്രാച്ചനും റമ്പാച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കുശേഷം ചെറുതായ ഒരു പ്രസംഗം ചെയ്തു. പെരുന്നാളിൽ സംബന്ധിക്കുന്നതിനു നാനാദേശത്തു നിന്നും ആളുകൾ വരുന്നുണ്ടായിരുന്നു.

25-6-121. കടമറ്റം. ഇവിടുത്തെ പെരുന്നാൾ ദിവസമായിരുന്നു. നാം രാവിലെ വി. കുർബ്ബാന ചൊല്ലി. ഇന്നത്തെ പെരുന്നാളിൻറെ ഉദ്ദേശ്യവും പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയും എന്നുള്ള വിഷയത്തെക്കുറിച്ച് നാം ചെറുതായി പ്രസംഗിച്ചു. കുർബ്ബാനയ്ക്കുശേഷം കാപ്പിമേശയും കഴിഞ്ഞു കൈമുത്തു നടന്നു. പെരുന്നാളിൽ സംബന്ധിക്കുന്നതിനായി പല സ്ഥലത്തു നിന്നും വന്നുകൂടിയ ഒരു വലിയ ജനക്കൂട്ടം ഉണ്ടായിരുന്നു. പിശാചുബാധിതരായവർ തുള്ളി ഒഴിഞ്ഞുപോകുന്ന സമ്പ്രദായം ഇവിടെ കണ്ടു.

26-6-121. കടമറ്റം. ഇസഹാക്കു കത്തനാർ കാവിലെ വി. കുർബ്ബാന ചൊല്ലി. പോയേടത്തെ പള്ളികൂദാശ നടത്തുകയും അവിടെ കുർബ്ബാന ചൊല്ലുകയും ചെയ്തെങ്കിലും ആ സ്ഥലം കണ്ടില്ല. ആയതിലേക്കു രാവിലെ അവിടേക്കു പോയി. പകലോമറ്റം തറവാട് ഈ പോയേടം പള്ളിയുടെ പടിഞ്ഞാറേതിലാണെന്നും എന്നാൽ അവിടെ ഉണ്ടായിരുന്ന പഴയമേടയും മറ്റും പൊളിച്ചുകളഞ്ഞു തൽസ്ഥാനത്തു ഇപ്പോൾ ഒരു ... ഉച്ചമേശയ്ക്കുശേഷം നാമും കുറിയാക്കോസ് റമ്പാച്ചനും കൂടി കർമ്മേലിലേക്കു പുറപ്പെട്ടു. തൃപ്പൂണിത്തുറ ചെന്നു നമ്മുടെ ഇളയപെങ്ങളെ കണ്ടു. അവിടെ നിന്നും കാപ്പിമേശ കഴിഞ്ഞ് അഞ്ചര മണിയോടു കൂടി കർമ്മേൽ ദയറായിൽ വന്നു. മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിലേക്കു നമ്മെ കൊണ്ടുപോകുന്നതിനു ചീരാമ്യാലിൽ കത്തനാർ വന്നു.

(പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിയിൽ നിന്നും)

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

കൊടുമൺ പള്ളി യൂണിറ്റിന്റെ പ്രവർത്തന ഉദ്ഘാടനം

കൊടുമൺ: ആത്മീയ വളർച്ചക്കും സാമൂഹിക പ്രതിബദ്ധതയ്ക്കും ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ ലക്ഷ്യമെന്ന് കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം പറഞ്ഞു.

കൊടുമൺ സെൻറ് ബഹനാൻസ് ഓർത്തഡോക്സ് പള്ളിയിൽ എസ്.ഡി.ഒ.എഫ്. യൂണിറ്റിന്റെ പ്രവർത്തന ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സഭയുടെ പാരമ്പര്യത്തോടും മൂല്യങ്ങളോടും ചേർന്ന് പ്രവർത്തിക്കുന്ന ഈ സമൂഹമാണ് നാളെ സഭയെ ശക്തിപ്പെടുത്തുന്നതെന്നും ആത്മീയതയും സേവന മനോഭാവവും സമന്വയിപ്പിച്ച് സമൂഹത്തിൽ സജീവ സാന്നിധ്യമായി മാറാൻ ഫെലോഷിപ്പ് യൂണിറ്റുകൾക്ക് കഴിയണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇടവക വികാരി ഫാ. ജോർജ്ജ് മാത്യു അധ്യക്ഷത വഹിച്ചു. അസി. വികാരി ഫാ. ലിബു ജേക്കബ്ബ്, ഇടവക ട്രസ്റ്റി ഡി. ഷാജി, സെക്രട്ടറി ബിജു ജോഷ്വാ, ഭദ്രാസന അസംബ്ലി അംഗം അനിത സാം, യൂണിറ്റ് ഭാരവാഹികളായ ജെൻസി സുനിൽ, സിജി സൂസൻ ജോഷ്വാ, സിനി ഷിബു, ബിജി സിജി, ലില്ലിക്കുട്ടി, ലിസി ലാൽജി, ജെസി റെജി, അനി അജി, രജനി വിൽസൺ എന്നിവർ പ്രസംഗിച്ചു.

സി. പി. ചാണ്ടി സാറിന്റെ സ്മരണയ്ക്കായി തിരുവനന്തപുരം ഭദ്രാസനം ആയൂർ മണ്ഡലം SDOF ന്റെ നേതൃത്വത്തിൽ 'കവി സ്പന്ദനം' എന്ന ഉപന്യാസ മത്സരം 26-07-2026 ഞായറാഴ്ച്ച ഇടമുളക്കൽ വി.എം.ഡി.എം. സെന്ററിൽ വച്ച് നടത്തപ്പെട്ടു. ആയൂർ മണ്ഡലത്തിലെ ചെറുവയ്ക്കൽ സെൻറ് ജോർജ്ജ്, എളമാട് സെൻറ് തോമസ്, നീറായിക്കോട് സെന്റ് തോമസ്, മാക്കുളം സെന്റ് ജോർജ്ജ്, മലപ്പേരൂർ സെന്റ് ജോർജ്ജ്, തിരുമംഗലം സെൻറ് ജോർജ്ജ് എന്നീ ഇടവകകളിൽ നിന്നും ഏകദേശം 15 മത്സരാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു.

വാകത്താനം ജെറുശലേം പള്ളിയിൽ ജൂലൈ 26-നു SDOF യൂണിറ്റിന്റെ പ്രവർത്തന ഉദ്ഘാടനം നടന്നു.

‘ഏറ്റവും പ്രിയപുരുഷനായ ദാനീയേലേ... ഭയപ്പെടേണ്ടാ!’

ദൈവകൃപ അനുഭവിക്കുവാൻ പ്രാർത്ഥനയിൽ ഉറച്ചുനിൽക്കാം

വർഗീസ് പൗലോസ് മൂലാംകുഴിയിൽ

(Vice president SDOF, SGOC OMAN)

‘ഏറ്റവും പ്രിയപുരുഷനായ ദാനീയേലേ, ഭയപ്പെടേണ്ടാ; നീ തിരിച്ചറിയേണ്ടതിന്നും നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെത്തന്നേ താഴ്ത്തേണ്ടതിന്നും മനസ്സുവെച്ച ആദ്യദിവസംമുതൽ നിന്റെ വാക്കു കേട്ടിരിക്കുന്നു; നിന്റെ വാക്കു ഹേതുവായി തന്നേ ഞാൻ വന്നിരിക്കുന്നു’ (ദാനീയേൽ 10:12).

വിശ്വാസജീവിതത്തിൽ നമ്മിൽ പലരും ഒരേ ചോദ്യം ചോദിച്ചിട്ടുണ്ട്. ‘ഞാൻ ഇത്രയും നാളായി പ്രാർത്ഥിക്കുന്നു... ദൈവം കേൾക്കുന്നുണ്ടോ?‘ ചിലപ്പോൾ ദിവസങ്ങൾ, ചിലപ്പോൾ മാസങ്ങൾ, ചിലപ്പോൾ വർഷങ്ങൾ പോലും കടന്നു പോകുന്നു. മറുപടി ലഭിക്കുന്നില്ലെന്ന് തോന്നാം. ദൈവം മൗനമായിരിക്കുന്നതു പോലെ അനുഭവപ്പെടാം. എന്നാൽ ദാനീയേലിന്റെ അനുഭവം നമ്മെ അദ്ഭുതപ്പെടുത്തുന്ന ഒരു ആത്മീയ സത്യം പഠിപ്പിക്കുന്നു.

ദാനീയേൽ തന്റെ ജീവിതത്തിൽ വലിയ പ്രതിസന്ധികളിലൂടെ കടന്നു പോകുകയായിരുന്നു. സ്വന്തം ജനതയുടെ അവസ്ഥ, ദൈവത്തിന്റെ പദ്ധതികൾ, ഭാവിഇവയെക്കുറിച്ചുള്ള ഭാരത്താൽ അദ്ദേഹം ഉപവസിച്ചു, പ്രാർത്ഥിച്ചു, തന്റെ ഹൃദയം ദൈവസന്നിധിയിൽ താഴ്ത്തി. ഇരുപത്തിയൊന്ന് ദിവസം അദ്ദേഹം പ്രാർത്ഥനയിൽ ഉറച്ചുനിന്നു. എന്നാൽ ദൈവദൂതൻ വന്നപ്പോൾ പറഞ്ഞ ആദ്യവാക്കുകൾ അതിശയിപ്പിക്കുന്നതായിരുന്നു:

‘മനസ്സുവെച്ച ആദ്യദിവസംമുതൽ നിന്റെ വാക്കു കേട്ടിരിക്കുന്നു’

എത്ര മനോഹരമായ ഉറപ്പാണ് അത്! ദൈവം ഇരുപത്തിയൊന്നാം ദിവസം കേട്ടതല്ല; ആദ്യദിവസം തന്നെ കേട്ടിരുന്നു. നമ്മുടെ പ്രാർത്ഥനയുടെ ശബ്ദം സ്വർഗ്ഗത്തിലെത്താൻ ദിവസങ്ങൾ വേണ്ടിവരുന്നില്ല. ഹൃദയത്തിൽനിന്ന് ഉയരുന്ന സത്യസന്ധമായ പ്രാർത്ഥന ദൈവസന്നിധിയിൽ ഉടൻ എത്തുന്നു.

ഇവിടെയാണ് നമ്മൾ ഓരോരുത്തരും ഒരു ആത്മപരിശോധന നടത്തേണ്ടത്.

എന്റെ പ്രാർത്ഥന എത്ര ആഴമുള്ളതാണ്?
എന്റെ ഹൃദയം എത്ര വിനയപ്പെട്ടതാണ്?
ഞാൻ ദൈവത്തെ അന്വേഷിക്കുന്നത് വെറും ആവശ്യങ്ങൾക്കായിട്ടോ, അതോ ദൈവത്തെ തന്നെ കണ്ടെത്താനോ?

ദൈവം നമ്മുടെ വാക്കുകൾ മാത്രം കേൾക്കുന്നില്ല; നമ്മുടെ ഹൃദയവും കാണുന്നു. അധരങ്ങളുടെ പ്രാർത്ഥനയേക്കാൾ ഹൃദയത്തിന്റെ പ്രാർത്ഥനയ്ക്കാണ് ദൈവം വില നൽകുന്നത്.

എന്നാൽ മറ്റൊരു വലിയ ആത്മീയ സത്യം ദാനീയേൽ നമ്മെ പഠിപ്പിക്കുന്നു. ദൈവദൂതൻ പറയുന്നു:

‘പാർസിരാജ്യത്തിന്റെ പ്രഭു ഇരുപത്തൊന്നു ദിവസം എന്നോടു എതിർത്തു നിന്നു; പിന്നെ പ്രഭുക്കന്മാരിൽ ഒരുത്തനായ മീഖായേൽ എന്നെ സഹായിപ്പാൻ വന്നു’ (ദാനീയേൽ 10:13).

ഈ വാക്യം ആത്മീയ ലോകത്തിലെ എതിർപ്പിന്റെയും ദുഷ്ടശക്തികളുടെ പ്രതിരോധത്തിന്റെയും ഒരു സൂചനയായി മനസ്സിലാക്കുന്നു. ദൈവം പ്രാർത്ഥന കേട്ടിട്ടും മറുപടി വൈകിയതായി തോന്നുന്നതിന് പിന്നിൽ, നമുക്ക് കാണാനാവാത്ത ആത്മീയ പോരാട്ടങ്ങൾ ഉണ്ടായിരിക്കാമെന്ന് ഈ ഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

അതുകൊണ്ട് പ്രാർത്ഥനയ്ക്ക് വൈകുമ്പോൾ ദൈവം നമ്മെ മറന്നുവെന്ന് ഒരിക്കലും കരുതരുത്. ചിലപ്പോൾ ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു; നമുക്ക് അത് കാണാൻ കഴിയുന്നില്ല എന്നുമാത്രം.

അതിനാൽ വിശ്വാസിയുടെ കടമ എന്താണ്?
പ്രാർത്ഥന നിർത്തരുത്.
വിശ്വാസം ഉപേക്ഷിക്കരുത്.
പ്രത്യാശ കൈവിടരുത്.
ദൈവത്തിൽ ആശ്രയം നഷ്ടപ്പെടുത്തരുത്.



സാത്താന്റെ ഏറ്റവും വലിയ തന്ത്രം നമ്മുടെ പ്രാർത്ഥന അവസാനിപ്പിക്കുകയാണ്. ‘ദൈവം കേൾക്കുന്നില്ല,’ ‘ഇനി പ്രാർത്ഥിച്ചിട്ട് കാര്യമില്ല,’ ‘ഇത് ഒരിക്കലും നടക്കില്ല’ എന്ന ചിന്തകൾ നമ്മുടെ മനസ്സിൽ വിതയ്ക്കാൻ അവൻ ശ്രമിക്കും. എന്നാൽ ദാനീയേൽ നമ്മെ പഠിപ്പിക്കുന്നത് മറ്റൊന്നാണ്അവസാനം വരെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുക.

ദൈവം തന്റെ ജനത്തെ ഒരിക്കലും കൈവിടുന്നില്ല. ദൈവം പ്രവർത്തിക്കേണ്ട സമയം വന്നാൽ, അവൻ അനേകം വഴികൾ തുറക്കും. മീഖായേലിനെ അയച്ചതു പോലെ, ഇന്ന് നമ്മെ സഹായിക്കുവാൻ അവൻ തന്റെ മാർഗങ്ങൾ ഒരുക്കും. നമുക്ക് കാണാൻ കഴിയാത്ത വഴികളിലൂടെ പോലും അവൻ പ്രവർത്തിക്കുന്നു.

ദാനീയേലിന്റെ മറ്റൊരു അനുഭവം നമ്മെ വളരെ സ്പർശിക്കുന്നു.

‘ഞാൻ മുഖം കുനിച്ചു ഊമനായ്തീർന്നു.’

ജീവിതത്തിൽ ചില സാഹചര്യങ്ങളിൽ നമുക്കും സംസാരിക്കാൻ കഴിയാതെ വരാം. രോഗശയ്യയിൽ കിടക്കുമ്പോൾ... സാമ്പത്തിക പ്രതിസന്ധികളിൽ... കുടുംബപ്രശ്നങ്ങളിൽ... ജോലി നഷ്ടപ്പെടുമ്പോൾ... പ്രിയപ്പെട്ടവരെ നഷ്ടപ്പെടുമ്പോൾ... നമ്മുടെ അധരങ്ങൾ പോലും പ്രാർത്ഥിക്കാൻ കഴിയാത്ത അവസ്ഥകൾ ഉണ്ടാകും.

അത്തരം സമയത്താണ് തിരുവെഴുത്ത് പറയുന്നത്:

‘അപ്പോൾ മനുഷ്യരോടു സദൃശനായ ഒരുത്തൻ എന്റെ അധരങ്ങളെ തൊട്ടു.’

എത്ര ആശ്വാസകരമായ സന്ദേശം! നമുക്ക് സംസാരിക്കാൻ കഴിയാത്ത

പ്പോൾ പോലും ദൈവം നമ്മെ സ്പർശിക്കുന്നു. നമുക്ക് കരയാൻ പോലും കഴിയാത്തപ്പോൾ നമ്മുടെ കണ്ണീർ അവൻ കാണുന്നു. നമുക്ക് ശക്തിയില്ലാത്തപ്പോൾ തന്റെ ശക്തി അവൻ നൽകുന്നു. രോഗത്തിൽ അവൻ ആശ്വാസമാകുന്നു. നിരാശയിൽ പ്രത്യാശയാകുന്നു. ഇരുളിൽ വെളിച്ചമാകുന്നു.

അവസാനം ദൈവദൂതൻ പറഞ്ഞ വാക്കുകൾ ഓരോ വിശ്വാസിയുടെയും ഹൃദയത്തിൽ മുഴങ്ങേണ്ടതാണ്.

‘ഏറ്റവും പ്രിയപുരുഷാ, ഭയപ്പെടേണ്ടാ; നിനക്കു സമാധാനം! ബലപ്പെട്ടിരിക്ക, ബലപ്പെട്ടിരിക്ക.‘

ഇതാണ് നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ ആശ്വാസം. ദൈവം ആദ്യം ഭയം മാറ്റുന്നു. പിന്നെ സമാധാനം നൽകുന്നു. തുടർന്ന് ശക്തിപ്പെടുത്തുന്നു. അതാണ് ദൈവത്തിന്റെ ക്രമം.

അതുകൊണ്ട് ‘ ‘ഞാനും എന്റെ ദൈവവും” തമ്മിലുള്ള ദൂരം എത്രയാണ്?‘ എന്ന ചോദ്യം നാം ചോദിക്കുമ്പോൾ, തിരുവെഴുത്ത് വ്യക്തമായ മറുപടി നൽകുന്നു.

ആ ദൂരം അളക്കാൻ കഴിയില്ല.

കാരണം ഞാൻ പ്രാർത്ഥന ആരംഭിക്കുന്ന നിമിഷം തന്നെ ദൈവം കേൾക്കുന്നു. ഞാൻ കണ്ണീർ പൊഴിക്കുന്ന നിമിഷം തന്നെ അവൻ അറിയുന്നു. ഞാൻ ഹൃദയം തുറക്കുന്ന നിമിഷം തന്നെ അവൻ കരുതൽ ആരംഭിക്കുന്നു. അവന്റെ മറുപടി ചിലപ്പോൾ വൈകുന്നതുപോലെ തോന്നാം; എന്നാൽ അവന്റെ സ്നേഹവും കരുതലും ഒരിക്കലും വൈകുന്നില്ല.

ഇന്ന് നമുക്കു ഒരു തീരുമാനം എടുക്കാം.
പ്രതിസന്ധി വന്നാലും പ്രാർത്ഥിക്കാം.
മറുപടി വൈകിയാലും പ്രാർത്ഥിക്കാം.
കണ്ണീർ വന്നാലും പ്രാർത്ഥിക്കാം.
ലോകം കൈവിട്ടാലും ദൈവത്തെ കൈവിടാതിരിക്കാം.
കാരണം ആദ്യദിവസം മുതൽ അവൻ കേൾക്കുന്നു.
ആദ്യദിവസം മുതൽ അവൻ പ്രവർത്തിക്കുന്നു.
ആദ്യദിവസം മുതൽ അവൻ നമ്മെ കരുതുന്നു.
അതുകൊണ്ട് ഭയപ്പെടേണ്ട.

‘ഏറ്റവും പ്രിയപുരുഷാ... ഭയപ്പെടേണ്ടാ... നിനക്കു സമാധാനം... ബലപ്പെട്ടിരിക്ക... ബലപ്പെട്ടിരിക്ക.‘

ദൈവകൃപ അനുഭവിക്കുവാൻ പ്രാർത്ഥനയിൽ ഉറച്ചുനിൽക്കാം. വിശ്വാസത്തിൽ സ്ഥിരത പുലർത്താം. അനുസരണയോടെ ജീവിക്കാം. നമ്മുടെ സ്വർഗ്ഗീയ പിതാവ് തന്റെ സമയത്ത് ഏറ്റവും ഉത്തമമായത് നമുക്കു നൽകും. ദൈവം അനുഗ്രഹിക്കട്ടെ.

❑

HOLY VIRGIN MARY: “THEOTOKOS”

Holy Son of Lady will bruise
the Head of Serpent :
Oh! Grand Elizabeth declares
Mary as ‘Mother of GOD”!
Lord with us the real “Bread of Life” dwelt in human flesh:
*‘Yeshua’ made Virgin to announce herself generations call her Blessed!
Virgin Mary ‘The Second Eve’ nurturing the “God the Son”!!
“Immanuel” the Lord with us bear by an innocent temple girl:
Rejoiced ‘Maria’ Proclaimed in Holy Spirit the ‘Lord her Saviour’ for ever!
Gabriel the Angel Annunciated the Miraculous birth of Lord to Maria:
I am the maid of Lord: Let the word of Angel be fulfilled;
Nazareth girl fulfills the prophecies in Old Testament scriptures!
Messiah’s Incarnation materialized by dedicated Virgin’s Sacrifice!
Angel predicts Mary will conceive a son called ‘Son of MOST HIGH’!
Reveal of Splendid’ Name ‘Mother of God’ meeting of Blessed Ladies!
Yeshua’s Mother The “Shekaina” and “let of manna put in” true signs:
‘THEOTOKOS’ Blessed name achieved Virgin Mary by holy life!
Here we can see fire full Rock releases drinking water to Israel;
‘Esteera’ given by fish and little lamb released from tree at Moria Hill!
Oh! “God bearer”! Hail Mary!! Mighty Eternal Lord bless you for ever!
Temple Girl ! blessed among in women kind by blessed her fruit!
Oh! Fire Flashing and Burnt Bushes that not Burnt Out A Miracle itself:
Kept all things about her “First Born Son” in her inner Heart!
Oh! Lord sent his only begotten son as born of women to redeem World;
Simon the old pointing out the adversities awaiting in future life:

* Jeshua -Aramic name of (“ Jesus”)

- Sabu George, Kadammanitta

ആരോഹണം 2026

പുതിയകാവ്: SDOF പുതിയകാവ് യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ‘ആരോഹണം 2026’ ഭക്തിസാന്ദ്രമായ ഗാനസംഗമം ആഗസ്റ്റ് 8 ശനിയാഴ്ച വൈകുന്നേരം 6 മണിക്കു നടക്കും. പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ദേവാലയത്തിൽ വെച്ചുള്ള ഗാനസന്ധ്യയിൽ നൂറിലധികം ഗായകർ പങ്കെടുക്കും.



പ്രവർത്തന ഉദ്ഘാടനം നടത്തി

പുന്നമൂട്: സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് പുന്നമൂട് സെന്റ് ഗ്രിഗോറിയോസ് പള്ളി യൂണിറ്റിന്റെ പ്രവർത്തന ഉദ്ഘാടനം നടത്തി.

ഓർത്തഡോക്സ് സഭ മാവേലിക്കര ഭദ്രാസന തെയോ മീഡിയ ഡയറക്ടർ ബിനു തങ്കച്ചൻ ഉദ്ഘാടനം ചെയ്തു. വികാരി ജേക്കബ് ജോൺ കല്ലട കോറെപ്പിസ്കോപ്പാ അധ്യക്ഷത വഹിച്ചു.

കേന്ദ്ര ട്രഷറർ അഡ്വ. ഉമ്മൻ ജോൺ, SDOF ദുബായ് യൂണിറ്റ് വൈസ് പ്രസിഡന്റ് ഡോ. ഷാജി പല്ലാരിമംഗലം, വൈസ് പ്രസിഡന്റ് സജു എസ്. ബേബി, സെക്രട്ടറി ലാലി ബാബു, ഇടവക ട്രസ്റ്റി എം.പി. തോമസ്, സെക്രട്ടറി ചെറിയാൻ ഡാനിയേൽ, സൺഡേസ്കൂൾ പ്രധാനാധ്യാപിക ഡോ. മറിയാമ്മ ജേക്കബ് എന്നിവർ പ്രസംഗിച്ചു.

എസ്ഡിഒഎഫിന്റെ പച്ചക്കറി കൃഷി പദ്ധതിയുടെ ഉദ്ഘാടനം സുഷക്ക് പച്ചക്കറി തൈ നൽകി ജേക്കബ് ജോൺ കല്ലട കോറെപ്പിസ്കോപ്പാ നിർവഹിച്ചു.

യോർദ്ദാൻപുരം മാർ ഗ്രീഗോറിയോസ് SDOF യൂണിറ്റിന്റെ നേതൃത്വത്തിലും, DDRC ലാബിന്റെ സഹകരണത്തിലും, 2026 ജൂലൈ 26 ഞായറാഴ്ച പള്ളിയിൽ വച്ച് തൈറോയിഡ് ടെസ്റ്റ് ക്യാമ്പ് ഭംഗിയായി നടത്തപ്പെട്ടു. നിരവധി പേർ പരിശോധനയുടെ പ്രയോജനം നേടി. ക്യാമ്പിന്റെ ഉദ്ഘാടനം ഇടവക വികാരി ഫാ. റിനോ മാത്യു നിർവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ, ഇടവക ട്രസ്റ്റി, അഡ്വൈസറി ബോർഡ് അംഗങ്ങൾ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

St. Thomas Orthodox Cathedral, Dubai to Host Study Series on the Holy Liturgy This August

DUBAI: The St. Dionysius Orthodox Fellowship (SDOF), functioning under the St. Thomas Orthodox Cathedral in Dubai, has announced a three-part educational study series on the Holy Liturgy set to take place throughout August 2026.

Titled “Practicing Sacramental Life in Modern Times: Living the Liturgy after the Liturgy,” the series aims to offer faithful believers deeper insights into integrating Orthodox sacramental teachings and liturgical spiritual practices into everyday modern living.

The interactive sessions will be led by esteemed clergy members, Fr. Aju Abraham and Fr. Cherian Joseph.

Event Details:

Dates: August 2, 9, and 16, 2026

Time: 10:00 AM to 11:30 AM

Venue: St. Thomas Orthodox Cathedral, Dubai